# അക്കാദമിക മാസ്റ്റർ പ്ലാൻ

# Std- 1

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

ക്ലാസ്: ഒന്ന്.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശിൽപശാല, സംയുക്ത ഡയറി, കൂട്ടെഴുത്ത്, വായനോത്സവം, രചനോത്സവം, പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നീ വിവിധ മേഖലകളിലൂടെ കുട്ടി കടന്നു പോകേണ്ടതായിട്ടുണ്ട്. അക്കാദമികമായ നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ വികസനം കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ക്ലാസിലെ വിവിധതരം പ്രവർത്തനങ്ങളിലൂടെ ഓരോ മാസവും കുട്ടിയും, അധ്യാപികയും, രക്ഷിതാവും കടന്നുപോയാൽ മാത്രമേ കുട്ടിക്ക് അക്കാദമിക നേട്ടം കൈവരിക്കാനാവൂ.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായുള്ള മുൻകൂട്ടി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഓരോമാസവും കുട്ടി വിവിധ പ്രവർത്തനങ്ങളിലൂടെ കടന്നുപോകാൻ അവസരം ഒരുക്കുന്നു. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുമെങ്കിലും ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും അവയുടെ വിലയിരുത്തൽ സാധ്യതയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ (കൃതികൾ) വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവ മാധ്യമങ്ങളിൽ പങ്കിടൽ.

* ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* കുട്ടികളുടെ സർഗാത്മക കഴിവുകൾ (എഴുത്തിൽ) വികസിപ്പിക്കുന്നതിനായി രചനോത്സവം നടത്തുന്നു.

* റീഡേഴ്സ് തിയേറ്റർ, വായനക്കളികൾ , വായനോത്സവം എന്നിവയിലൂടെ മികച്ച വായനശീലം വളർത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- ഭാവാത്മകമായ ലോകത്തിലൂടെ രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു
- ലിപികൾ തിരിച്ചറിയാതെ തന്റെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തൽ.

## ജൂൺ മാസ പ്രവർത്തനങ്ങൾ

* പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ
* വായനോത്സവവും കഥാ വേളയും.
* ഒന്നൊരുക്കം (സ്വ വിദ്യാ പ്രവേശ പ്രവർത്തനങ്ങൾ)
* അമ്മ വായന, ടീച്ചർ വായന
* ലഘുവായന കാർഡുകൾ വായന
* രക്ഷിതാക്കൾക്കുള്ള ശിൽപശാല.

## പ്രവർത്തന വിശദാംശം

* ക്ലാസ് പി.ടി.എയിൽ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* അമ്മ വായനക്കായി പുസ്തക വിതരണം നടത്തുന്നു.
* ക്ലാസിലൊരു അമ്മ പുസ്തകക്കൂട്, വീട്ടിലൊരു പുസ്തകക്കൂട്.
* നിർമ്മാണ ശിൽപശാല നടത്തുന്നു.
* താളാത്മകമായി ചെറു കവിതകൾ ചൊല്ലുന്നു.
* ആകർഷകമായ ലഘു വായനക്കാർഡുകൾ നൽകി വായന വിലയിരുത്തൽ.
* വായിച്ചു കേട്ട ചെറുകഥകൾ വാചികമായി അവതരിപ്പിക്കുന്നു.

## ജൂണിലെ പ്രവർത്തന ഘട്ടങ്ങൾ

* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറിയെഴുത്ത്
* കുട്ടിക്ക് സ്വയം കവിതകൾ ചൊല്ലാനും കഥപറയാനും അവസരം ഒരുക്കൽ.
* കേട്ട കഥയിലെ ആശയം ചിത്രീകരിക്കുന്നു.
* ഡിജിറ്റൽ സാധ്യത ഉപയോഗപ്പെടുത്തി കഥ കാണാനും കേൾക്കാനും അവസരം ഒരുക്കുന്നു.

## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി ചെറിയ വാക്യങ്ങളിൽ അമ്മയോടൊപ്പം എഴുതി തുടങ്ങൽ.

* ക്ലാസ് പുസ്തക കൂട്ടിൽ കൂടുതൽ വായനാ സാമഗ്രികൾ ഒരുക്കലും അത് കുട്ടിക്ക് നിരന്തരം കാണാനും എടുത്ത് വായിക്കാനും അവസരം ഒരുക്കുന്നു.

* ചെറിയ കഥകൾ കേൾക്കാനവസരം ഒരുക്കുന്നു.

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.

* ചിത്ര വായനക്കവസരം ഒരുക്കുന്നു.

* പാട്ടരങ്ങ്

## ആഗസ്റ്റ് പ്രവർത്തനഘട്ടങ്ങൾ

* റീഡേഴ്സ് തീയറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ് വായനോത്സവം

* കുട്ടികളും രക്ഷിതാക്കളും, അധ്യാപകരും ചേർന്നുള്ള നിർമ്മാണ ശിൽപശാല.

* സംയുക്ത ഡയറിയിലേക്ക് വേണ്ട അനുഭവം പറയൽ.
* ഭാഷാ വികസന പ്രവർത്തനങ്ങൾ

### പ്രവർത്തനങ്ങൾ

പാഠപുസ്തക പ്രവർത്തനങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കൽ.

ഭാഷാശേഷി വികസിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായനാകാർഡുകൾ തയ്യാറാക്കി അവതരണം.

- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ.
- ആശയ ഗ്രഹണത്തിലൂടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ പ്രവർത്തനപ്പട്ടങ്ങൾ

- സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുങ്ങുന്നു
- സ്വതന്ത്ര രചന പരിപോഷിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.
- ഭാഷോത്സവത്തിന് പ്രാധാന്യം നൽകൽ.
- ഭിന്ന നിലവാരക്കാർക്ക് ആവശ്യമായ പിന്തുണ നൽകുന്നു

## പ്രവർത്തനങ്ങൾ.

* ചിത്ര സംയുക്ത ഡയറിയെ - എന്റെ ഡയറിക്കുറിപ്പ് എന്ന വ്യവഹാര രൂപത്തിൽ നൽകുന്നു.

* വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു.

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ഒക്ടോബർ പ്രവർത്തന പട്ടങ്ങൾ

* ചിത്ര വായനക്കാർഡുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ.
* വായനോത്സവം പങ്കെടുപ്പിക്കൽ.
* ആസ്വാദനകരമായ വായന നടത്തൽ.
* രചനോത്സവ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കൽ.
* പാട്ടരങ്ങ്.

## പ്രവർത്തനങ്ങൾ.

* എല്ലാ കുട്ടികളും തനിച്ചും ഒറ്റയ്ക്കും സംഘമായും നിരവധി വായന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* ഭിന്ന നിലവാരങ്ങളെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
* വേദികളിൽ സ്വതന്ത്രമായി കഥപറയൽ.

## നവംബർ പ്രവർത്തന ഘട്ടങ്ങൾ

* സ്വതന്ത്ര രചയിതാക്കളാക്കാൻ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തൽ.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, അമ്മ വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* രചനോത്സവം

## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി കൂടുതൽ വാക്യഘടനയിൽ എഴുതി ചേർക്കൽ
* കൂട്ടവായന — കുട്ടിക്കൂട്ടങ്ങൾക്ക് ചെറിയ ചെറിയ വായന കാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ പരസ്പരം സഹായിച്ച് വായന നടത്തുന്നു.
* ദൈനംദിന പ്രവർത്തനങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ സഹായിക്കുന്നു.
* സ്വതന്ത്രമായ രചനകളിൽ ഏർപ്പെടുന്നു.

## ഡിസംബർ പ്രവർത്തന ഘട്ടങ്ങൾ.

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായും അവതരിപ്പിക്കൽ.

- രചനാശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
- കുറിപ്പെഴുത്ത്
- ലഘു കവിതകൾ, കഥകൾ എഴുതാൻ ശ്രമിക്കുന്നു.

## പ്രവർത്തനങ്ങൾ

- ഇഷ്ടവും കൗതുകവുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും അവസരം ഒരുക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പര പിന്തുണയോടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു.
- സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## തുടർ പ്രവർത്തനങ്ങൾ.

- രചനാ ശില്പശാലകൾ , പ്രദർശനം
- CPTA.
- തിയേറ്റർ സാധ്യത , വായന ഷീറ്റുകൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്ര വായന.
- ഡിജിറ്റൽ സാധ്യതകളിലൂടെ പുനരവതരണത്തിനുള്ള സാധ്യത.

## പ്രവർത്തനങ്ങൾ

- കുട്ടികൾ എഴുതിയ ലഘുകവിതകൾ, കഥകൾ എന്നിവ CPTA യിൽ പ്രകാശനം
- സംയുക്തഡയറിയിലെ മികച്ച പേജുകൾ പ്രിന്റ് ചെയ്ത് പുസ്തകമാക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാനുള്ള അവസരം ഒരുക്കുന്നു.

## ഫെബ്രുവരി പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം തുടങ്ങിയ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കൽ.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* തത്സമയ വായന, തത്സമയ എഴുത്ത്

## പ്രവർത്തനങ്ങൾ

* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കൽ പഠനോത്സവം നടത്തുന്നു.
* സ്വതന്ത്ര രചനകളുടെ പ്രകാശനം നടത്തുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു

## മാർച്ച് പ്രവർത്തനപ്പട്ടങ്ങൾ

* പലതരത്തിലുള്ള കയ്യെഴുത്തു മാസികകൾ തയ്യാറാക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പ് (കയ്യെഴുത്ത് മാസിക)
* വീട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം നൽകൽ.

## പ്രവർത്തനങ്ങൾ.

* CPTA യിൽ കുട്ടികളുടെ വായന എഴുത്ത് എന്നിവ നേരിട്ട് പ്രകടിപ്പിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
* കുട്ടികളുടെ ഉൽപന്നങ്ങളുടെ പ്രദർശനം.
* എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരുമായി പ്രഖ്യാപിക്കൽ.
* രക്ഷിതാക്കളുടെ വിലയിരുത്തൽ രേഖപ്പെടുത്തൽ.

# ENGLISH

The goal four the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently. like Malayalam we have to keep the Language English close to our heart.

The accademic master plan is designed to ensure that not a single child goes illiterate.

## Objectives and learning outcomes.

* Respond to Simple Instructions in the classroom.
* Describe orally about the pictures and objects
* Familiarise with Simple words.
* Enjoy Songs and Sings them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures

## June

* To develop listening skill and reading skill
* Provides picture cards - picture reading.
* Find words from reading meterials

## July

* Identify familiar words
* Say familiar words
* Read familiar words.
* write familiar words.

August

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.
* Making word web.
* Riddles

September

* Read and write simple words and simple sentences
* Provide picture cards and reading cards.
* Picture description
* Story telling
* Conversation.

October

* Introduce simple description.
* Make word chain, sentence chain.
* Make riddles
* Describing words, rhyming words.

November

Prepare reading cards.
Provide more opportunities to read, right and speak English.
write two simple sentences daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

Enjoy songs and sings them with Rhythm and action. Make picture albums. Collect pictures of animals and young ones.

February.

Provide the opportunity to express myself in the classroom
Read and write simple sentences.
write simple description about picture
Make simple conversation

March

Story Telling.
Simple skitt
Sing a song

# ഗണിതം

ഗണിതം നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഒന്നാം ക്ലാസിലെ കുട്ടികളുടെ ഗണിത പഠനം രസകരമാക്കുന്നതിനു വേണ്ടി കളികളിലൂടെയും ആകർഷകമായ പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ സജ്ജരാക്കുന്നു.

ലക്ഷ്യങ്ങൾ

* ഒന്നു മുതൽ നൂറു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* നൂറു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* നൂറു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
* ഒറ്റക്ക സംഖ്യകളും രണ്ടക്ക സംഖ്യകളും തെറ്റില്ലാതെ എഴുതുന്നു
* സംഖ്യകളെ ആരോഹണ - അവരോഹണക്രമത്തിൽ എഴുതാനും പറയാനും കഴിയുന്നു.
* രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം, രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും തമ്മിലുള്ള സങ്കലനം
* രണ്ട് ഒറ്റക്ക സംഖ്യകളുടെ വ്യവകലനം, രണ്ടക്കസംഖ്യയിൽ നിന്നും ഒറ്റക്ക സംഖ്യയുടെ വ്യവകലനം
* ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം
* രണ്ടക്ക സംഖ്യകളുടെ വ്യാഖ്യാനം
* സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ
* ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു.
* ഗണിത കളികളിൽ ഏർപ്പെടുന്നു.
* രൂപങ്ങൾ പരിചയപ്പെടുകയും അവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കൽ

ജൂലൈ

ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. സംഖ്യാ കാർഡുകൾ തയ്യാറാക്കുന്നു. ഇവ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങൾ രസകരമാക്കുന്നു.

ഓഗസ്റ്റ്

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. കൂടുതൽ കുറവ് തിരിച്ചറിയുന്നു. ഗണിതകിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ, ആലപിക്കൽ ഒറ്റ സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം വ്യാഖ്യാനം

ഒക്ടോബർ

ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
സംഖ്യകളെ ആരോഹണ-അവരോഹണ
ക്രമത്തിൽ എഴുതുന്നതിനും പറയുന്നതിനും
മുള്ള പ്രവർത്തനങ്ങൾ.
ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

നവംബർ

സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും തമ്മിലുള്ള
സങ്കലനം.

ഡിസംബർ

രണ്ടക്ക
സംഖ്യകൾ ആരോഹണ-അവരോഹണ ക്രമത്തിൽ
എഴുതുന്നു.
ഗണിത ആൽബം തയ്യാറാക്കൽ
സങ്കലന, വ്യവകലന പ്രവർത്തനങ്ങൾ ഉൾപ്പെ
ടുത്തി കൊണ്ടുള്ള കളികളിൽ ഏർപ്പെടുന്നു.

ജനുവരി

രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും ഉൾപ്പെടുന്ന
വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
ഒന്ന് മുതൽ നൂറുവരെയുള്ള സംഖ്യകളെ വ്യാഖ്യാനി
ക്കുന്നു

ഫെബ്രുവരി

ഗണിത ആൽബം ക്ലാസ് പി ടി എ യിൽ പ്രദർശനം
വിലവിവരപട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങൾ
ഗണിത കേളികൾ.

മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ.

# പരിസരപഠനം

ലക്ഷ്യങ്ങൾ:-

* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
* പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ഉണ്ടോ ഇല്ലയോ, വലുത് ചെറുത്) പട്ടികപ്പെടുത്തുന്നു.
* നിറം, രുചി, ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

പ്രവർത്തനങ്ങൾ

ജൂൺ

പ്രകൃതി നടത്തം, ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു. ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു. ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നിഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

ജൂലായ്

പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. നിരീക്ഷിക്കുന്ന നിറങ്ങളുടെ വ്യത്യാസത്തിൽ തരംതിരിക്കുന്നു.

ഓഗസ്റ്റ്:

സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു...

സെപ്തംബർ

ചുറ്റുപാടുകളിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു.

ഒക്ടോബർ

പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, ചെടികൾ എന്നിവ നിരീക്ഷിച്ച് ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു.

നവംബർ.

രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു.

ഡിസംബർ

വിവിധതരം ആഹാരവസ്തുക്കൾ അവയുടെ പ്രത്യേകതകൾ ആഹാരത്തിലെ ചേരുവകൾ ആഹാരശീലങ്ങൾ എന്നിവ മനസ്സിലാക്കുന്നു. ശുചിത്വത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.

ജനുവരി : ചുറ്റുപാടുകളിലെ ജീവികളെ നിരീക്ഷിക്കുന്നു. ജീവികളുടെ സ്വഭാവ സവിശേഷതകൾ പാർപ്പിടം ആഹാരശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച് ധാരണ നേടുന്നു.